


ഇ-മലയാളിയിൽ വായിക്കുക

സാഹിത്യപ്രതിഭ ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിൽ എഴുതിയ

# "ദാവീദിന്റെ രണ്ടു മുഖങ്ങൾ"

"ഇടയബാലനിൽ നിന്ന് ഇസ്രായേലിന്റെ രാജാവും മധുരഗായകനുമായ ദാവീദിന്റെ ജീവിതത്തിലെ രണ്ട് സുന്ദരിമാർ " അബീഗയിലും ബെത്ശേബയും" അവരുമായുള്ള കണ്ടുമുട്ടലും പിന്നീട് അവർ ജീവിതസഖികളുമാകുന്ന ബൈബിൾ കഥയുടെ കാവ്യാവിഷ്കാരം. "ആ മനുഷ്യൻ നീ തന്നെ" എന്ന ദൈവദൂതന്റെ സ്വരം കേട്ട് അനുതപിക്കുന്ന ദാവീദ് രാജാവിന്റെ മാനുഷികദൗർബല്യങ്ങൾ വളരെ ലളിതമായി പ്രതിപാദിക്കുന്ന കവിത."

1 ശമുവേൽ 25, 2 സമുവേൽ 11 എന്നീ അദ്ധ്യായങ്ങളെ ആസ്പദമാക്കിയാണ് ഈ കാവ്യശില്പം.

## ദാവീദും അബിഗെയിലും :      സത്യ വേദപുസ്തകം 1 ശമുവേൽ 25

### ഭാഗം 2

ഭാഗ്യസുരഭില ഭാവിക്കായ്, ഗിൽഗാലിൽ
യാഗം കഴിച്ചു മടങ്ങിയതും
സാമൂലം സംഹരിക്കേണ്ട മാലേക്യരെ
ആമൂലമായെഴിവാക്കിയതും
തങ്കത്തെ വെന്നിടും ദർശകന്നങ്കിയും
ശങ്കകൂടാതഹോ ഭേദിച്ചതും,
ആചാര്യവര്യരാമൊട്ടേറെ വന്ദ്യരെ
നീചരെപ്പോൽ കൊല ചെയ്യിച്ചതും
കഷ്ടമായ്പ്പോയെന്ന ചൊല്ലാം നിസംശയം
സ്രഷ്ടാവിന്നിഷ്ടമില്ലാത്ത കൃത്യം !
ഉന്നതസ്ഥാനം നാം പ്രാപിച്ചാൽ നിശ്ചയം
പിന്നെമറക്കും നാം നമ്മെത്തന്നെ.
ശൗലിനു വന്നു ഭവിച്ചതും, മറ്റല്ല
കാലക്കേടെങ്ങുണ്ടാക്കും തെറ്റുകളും,
ശൗലിന്റെ ദുഷ്ക്കൃതം കൊണ്ടു മഹേശ്വരൻ
പാലകസ്ഥാനത്തു നിന്നവനെ,
മാറ്റാനും പറ്റിയ മറ്റൊരു ദാസനെ
എത്രയും സത്വരം വാഴിക്കാനും

ഈശന്റെയിഷ്ടത്തിനൊത്തൊരു ദാസനെ
'യിശ്ശായിപുത്ര'*നിൽ കൺടു ചാലെ.    * ദാവീദ്
'ദാവീദ'നന്തരം പട്ടാഭിഷിക്തനായ്
ദൈവാജ്ഞമൂലമതെത്ര, ചിത്രം !
രാജീവനേത്രനു, മാജാനു ബാഹുവും
പൂജ്യനുമായ യിശ്ശായിസുതൻ 1
പേലവരൂപിയാം ദാവീദിതിന്നകം
ശൗലിന്റെ പുത്രിക്കു ഭർത്താവായി,
ദാവീദു പിൻഗാമിയാകുമെന്നായപ്പോൾ
ഭൂപതി തെറ്റു ചെയ്തൊട്ടധികം
തന്നുടെ പിൻഗാമിയായിത്തൻ പുത്രനും
പിന്നീടാ പിൻ തുടർച്ചാ ക്രമത്തിൽ,
എന്നാളും രാജ്യമഭംഗം ഭരിക്കണ
മെന്നല്ലോ ഭൂപാലനാഗ്രഹിപ്പൂ !
ഇത്തരം ദുർമ്മോഹം കൊൺടല്ലോ, മന്നവർ
വിത്തുനാശത്തിലിന്നെത്തിയതും,
ദാവീദ് ചൈതന്യ ധന്യനായ് ജീവിച്ചാൽ
ഭാവിക്കതാപത്തായ്ത്തീരുമെന്നും,
ദൈവാഭിഷിക്തനാം ആ യുവകേസരി
സർവ്വവിധായുധ ഭൂഷിതനായ്,
തന്നോടു പോരാടുവാൻ മടിക്കില്ലെന്നും
തന്നെ നിഷ്ക്കാസിതനാക്കുമെന്നും,

വീരനും ശൂരനുമായ ഗോല്യാത്തിനെ
വീറുള്ളൊരേറിനാൽ തീർത്തതോർത്തും,
ശൗലാകട്ടെപ്പോഴും തൻപ്രതിയോഗിയെ
കാലപുരിക്കു പറഞ്ഞയപ്പാൻ,
നിശ്ചയം ചെയ്തല്ലോ, കൺടുപായങ്ങളും
സ്വച്ഛമായ് രാജ്യം ഭരിക്കുവാനും,
പിന്നീടാ മന്നവൻ നേരം കളയാതെ
സൈന്യത്തെ ശക്തമായ് സജ്ജമാക്കി.

(തുടരും)